REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- മായം ചേർത്ത മിഠായികളുടെ നിർമ്മാണവും വിപണനവും കർശനമായി നിരീക്ഷിക്കാൻ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി.
- മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് സുപ്രീംകോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു.
- CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തെ തുടർന്ന് സംസ്ഥാനത്ത് മൂന്ന് ദിവസം ദുഃഖാചരണമായിരിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ.
- സംഘ ആദർശങ്ങളിലേക്കും പ്രസ്ഥാനങ്ങളിലേക്കും വഴികാട്ടിയായത് P.P മുകുന്ദൻ ആണെന്ന് കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി.
- ISL ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാവും.

## വാർത്തകൾ വിശദമായി

മായം ചേർത്ത മിഠായികളുടെ നിർമ്മാണവും വിപണനവും കർശനമായി നിരീക്ഷിക്കാൻ കേന്ദ്രഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. ക്ഷീരോത്പന്നങ്ങളുടെയും മധുരപലഹാരങ്ങളുടെയും അവ നിർമ്മിക്കാനുപയോഗിക്കുന്ന സാധനങ്ങളുടെയും നിലവാരം

ഉറപ്പാക്കണം. ഉത്സവ സീസണിലെ വർദ്ധിച്ച ഉപയോഗം മുൻനിർത്തിയാണ് നടപടി. ഉത്പാദന കേന്ദ്രങ്ങളിൽ തുടർച്ചയായ പരിശോധനകൾ നടത്തണമെന്നും അതോറിറ്റി ആവശ്യപ്പെട്ടു. നെയ്യ്, പനീർ, മറ്റ് പാലുത്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരത്തിലുണ്ടാകുന്ന കുറവ് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് നടപടി.

✪✪✪

ഡൽഹിയിലെ എയിംസിൽ ഇന്നലെ അന്തരിച്ച മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും CPIM ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരിയുടെ ഭൗതിക ദേഹം വൈകിട്ട് ആറിന് ഡൽഹി വസന്ത് കുഞ്ജിലെ വീട്ടിലേക്കു കൊണ്ടുപോകും. നാളെ രാവിലെ പതിനൊന്നു മുതൽ വൈകിട്ട് മൂന്ന് വരെ CPIM കേന്ദ്ര കമ്മിറ്റി ഓഫീസായ AKG ഭവനിൽ പൊതു ദർശനത്തിന് വയ്ക്കും. അതിനുശേഷം യെച്ചൂരിയുടെ ആഗ്രഹ പ്രകാരം മൃതദേഹം മെഡിക്കൽ പഠനത്തിനായി എയിംസിന് കൈമാറും.

ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്നായിരുന്നു എഴുപത്തിരണ്ടുകാരനായ യെച്ചൂരിയുടെ അന്ത്യം.

✪✪✪

CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തെ തുടർന്ന് സംസ്ഥാനത്ത് മൂന്ന് ദിവസം ദുഃഖാചരണമായിരിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അറിയിച്ചു. പാർട്ടി നിശ്ചയിച്ച എല്ലാ പരിപാടികളും മാറ്റിവെച്ചതായി അദ്ദേഹം പറഞ്ഞു.

✪✪✪

നയപരമായ വിഷയങ്ങളിൽ ശരിയായ നിലപാടെടുത്ത് എല്ലാവരെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞ നേതാവായിരുന്നു സീതാറാം യെച്ചൂരിയെന്ന് CPIM കേന്ദ്രകമ്മിറ്റിയംഗം EP ജയരാജൻ പറഞ്ഞു. മാർക്സിസ്റ്റ് ദർശനത്തെ മുറുകെപിടിച്ച പാർലമെന്റേറിയനായിരുന്നു യെച്ചൂരിയെന്ന് ജയരാജൻ ന്യൂഡൽഹിയിൽ അനുസ്മരിച്ചു.

✪✪✪

നടപ്പു സാമ്പത്തിക വർഷം മുതൽ 2028-29 സാമ്പത്തിക വർഷം വരെ 38,000 ത്തിലധികം വൈദ്യുതി ബസുകൾ നിരത്തിലിറക്കാൻ പ്രധാൻമന്ത്രി - E- ബസ് സേവാ പേയ്മെന്റ് സെക്യൂരിറ്റി മെക്കാനിസം പദ്ധതി സഹായകരമാകുമെന്ന് കേന്ദ്രമന്ത്രി HD കുമാരസ്വാമി പറഞ്ഞു. 3,435 കോടി രൂപയിലധികം ചെലവിൽ പൊതുഗതാഗതത്തിന്

E-ബസുകൾ വാങ്ങുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗമാണ് അംഗീകാരം നൽകിയത്.

✪✪✪

മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് സുപ്രീംകോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. പത്ത് ലക്ഷം രൂപയുടെ ബോണ്ടിലാണ് ജാമ്യം. കേസിനെക്കുറിച്ച് പരസ്യമായി അഭിപ്രായ പ്രകടനം നടത്തരുതെന്നും വിചാരണ കോടതി മുമ്പാകെ എല്ലാ ഹിയറിംഗുകൾക്കും ഹാജരാകണമെന്നും സുപ്രീംകോടതി ഉപാധി വെച്ചു. CBI രജിസ്റ്റർ ചെയ്ത കേസാണ് ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്.

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട് ഡൽഹി കോടതി കഴിഞ്ഞ ദിവസം കെജരിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 25 വരെ നീട്ടിയിരുന്നു.

✪✪✪

അതിർത്തിയിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്ന ശ്രമങ്ങൾ ഇരട്ടിവേഗത്തിലാക്കാൻ ഇന്ത്യ-ചൈന ധാരണയായി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത്ഡോവലും, ചൈനീസ് കേന്ദ്രവിദേശകാര്യമന്ത്രാലയ കമ്മീഷൻ വാങ്-യി യും തമ്മിൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ നടത്തിയ ചർച്ചയിലാണ് തീരുമാനം.

✪✪✪

പാകിസ്ഥാന്റെ ബാലിസ്റ്റിക് മിസൈൽ പദ്ധതിക്ക് സഹായം നൽകിയതിന് മൂന്ന് ചൈനീസ് കമ്പനികൾക്ക് US ഉപരോധമേർപ്പെടുത്തി. കൂട്ട നശീകരണ ആയുധങ്ങൾ വ്യാപിക്കുന്നതു തടയുന്നതിന് 2005 ലെ എക്സിക്യുട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

K ഫോണിൽ CBI അന്വേഷണം വേണമെന്ന പ്രതിപക്ഷ നേതാവ് V D സതീശന്റെ ആവശ്യം ഹൈക്കോടതി തള്ളി. ഇതിൽ വൻ അഴിമതി ഉണ്ടായെന്ന് ആരോപിച്ചായിരുന്നു സതീശന്റെ ഹർജി. എന്നാൽ

പദ്ധതിയിൽ ഏതെങ്കിലും തരത്തിൽ അഴിമതിയോ ക്രമക്കേടോ കണ്ടെത്താനായില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു.

✪✪✪

നിയമസഭാ കയ്യാങ്കളി കേസുമായി ബന്ധപ്പെട്ട് കോൺഗ്രസ് MLA മാർക്ക് എതിരായ ഹർജി ഹൈക്കോടതി നിരസിച്ചു. ഇടതു MLA മാരോട് UDF MLA മാർ അപമര്യാദയായി പെരുമാറി എന്നായിരുന്നു ഹർജിയിലെ ആരോപണം.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC ക്ലോഡ് ജിറാർഡെറ്റ് ഇന്ന് എത്തും. ഇന്ന് ഉച്ചയ്ക്ക് 2 മണിയോടെ കപ്പൽ ബർത്തിലേക്ക് അടുപ്പിക്കും. ഇന്ത്യയിൽ ആദ്യമാണ് ഈ കപ്പൽ എത്തുന്നത്. 24,116 കണ്ടെയ്നറുകൾ വഹിക്കാൻ കപ്പലിന് ശേഷിയുണ്ട്.

✪✪✪

സംഘ ആദർശങ്ങളിലേക്കും പ്രസ്ഥാനങ്ങളിലേക്കും വഴികാട്ടിയായത് P.P മുകുന്ദൻ ആണെന്ന് കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി പറഞ്ഞു. കണ്ണൂരിന്റെ സംഘർഷ രാഷ്ട്രീയത്തിൽ സമാധാനത്തിന്റെ വലിയ സാധ്യതകൾ കണ്ട് എല്ലാവരെയും ഒരുമിപ്പിച്ചു കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചുവെന്നും സുരേഷ് ഗോപി പറഞ്ഞു. കണ്ണൂർ ചേമ്പർ ഹാളിൽ P.P മുകുന്ദൻ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

P.P മുകുന്ദന്റെ മരണം വ്യക്തിപരമായ നഷ്ടമാണെന്നത അലങ്കാരപ്രയോഗമല്ലെന്ന് സുരേഷ്ഗോപി വ്യക്തമാക്കി. P.P മുകുന്ദന്റെ പേരിൽ എൻഡോവ്മെന്റ് നടപ്പാക്കുകയാണെങ്കിൽ അതിലേക്ക് പത്തുവർഷം നൽകുന്നതിനായി രണ്ടര ലക്ഷം രൂപയും അദ്ദേഹം വാഗ്ദാനം ചെയ്തു..

BJP ദേശീയ നിർവാഹ സമിതി അംഗം P.K കൃഷ്ണദാസ് അനുസ്മരണ പ്രഭാഷണം നടത്തി.

കോഴിക്കോട്ട് "വന്ദേമുകുന്ദം" പരിപാടി അല്പസമയത്തിനകം ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. മികച്ച സേവന പ്രവർത്തകർക്ക് നൽകുന്ന P.P മുകുന്ദൻ പ്രഥമ സേവാ പുരസ്കാരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപിക്ക് ഗോവ ഗവർണ്ണർ സമ്മാനിക്കും.

✪✪✪

കേന്ദ്രപൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപറേഷനിൽ നിന്നും കേരളത്തിന് 500 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ കരാറിലേർപ്പെട്ടതായി മന്ത്രി K.കൃഷ്ണൻകുട്ടി അറിയിച്ചു. KSEB ചീഫ് എൻജിനീയറും, സോളാർ എനർജി കോർപറേഷൻ ജനറൽ മാനേജറുമാണ് തിരുവനന്തപുരത്ത് കരാറിലൊപ്പിട്ടതെന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. 13,000 കോടി രൂപയോളം ചെലവു വരുന്ന വൈദ്യുതി വാങ്ങൽ പ്രക്രിയയിൽ, വിലകുറഞ്ഞ വൈദ്യുതി കരാറുകളിൽ ഏർപ്പെട്ട് പത്ത് ശതമാനമെങ്കിലും കുറവു വരുത്താൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് കരാറെന്നും മന്ത്രി വ്യക്തമാക്കി.

അടുത്ത സെപ്റ്റംബറോടെ കരാർപ്രകാരം വൈദ്യുതി ലഭ്യമാകുമെന്നും 25 വർഷമാണ് കാലാവധിയെന്നും മന്ത്രി കൃഷ്ണൻകുട്ടി അറിയിച്ചു.

✪✪✪

പാരാലിമ്പിക്സ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ വസതിയിൽ ആശയവിനിമയം നടത്തി. പാരാലിമ്പിക്സ് ചരിത്രത്തിൽ രാജ്യത്തിന്റെ ഏറ്റവും ഉയർന്ന മെഡൽനേട്ടം സ്വന്തമാക്കിയ ടീമംഗങ്ങളുമായുള്ള കൂടിക്കാഴ്ച സന്തോഷകരമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

ISL ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് നിലവിൽ ചാമ്പ്യൻമാരായ മുംബൈ സിറ്റി F.C., - മോഹൻബഗാനെ നേരിടും.

ആദ്യ കിരീടം ലക്ഷ്യമിടുന്ന കേരള ബ്ലാസ്റ്റേഴ്സ് മറ്റന്നാൾ പഞ്ചാബ് FC യുമായി ഏറ്റുമുട്ടും.

പതിമൂന്ന് ടീമുകളാണ് ഇത്തവണ മത്സരിക്കുന്നത്. കൊൽക്കത്തെ മുഹമ്മദൻസ് സ്പോട്ടിങ് ക്ലബ് ഈ വർഷത്തെ നവാഗത ടീമാണ്.

✪✪✪

ഡയമണ്ട് ലീഗ് ഫൈനൽ പോരാട്ടങ്ങൾക്ക് ബെൽജിയത്തിലെ ബ്രസൽസിൽ ഇന്ന് തുടക്കമാകും. പാരീസ് ഒളിമ്പിക്സ് ജാവലിൻ ത്രോ വെള്ളി മെഡൽ ജേതാവ് നീരജ് ചോപ്രയും സ്റ്റീപ്പിൾ ചേസ് റണ്ണർ അവിനാഷ് സാബിളും ഫൈനലിൽ ഇന്ത്യയ്ക്കായി മത്സരിക്കും. അവിനാഷിന്റെ മത്സരം ഇന്നും നീരജിന്റെ മത്സരം നാളെയുമാണ് .

✪✪✪

ഭിന്നശേഷിക്കാർക്ക് വരുമാനവും തൊഴിലും ലഭിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കേരളാ ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ് കോട്ടയം ജില്ലാ കമ്മിറ്റി നിർദ്ധനരായ 100 കുടുംബ ങ്ങൾക്ക് ഓണക്കോടിയും ഓണക്കിറ്റും വിതരണം ചെയ്യുന്ന പരിപാടി ഏറ്റുമാനൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മലപ്പുറത്ത് പ്രായപൂർത്തിയാകാത്ത രണ്ട് ആദിവാസി കുട്ടികളെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പതിനേഴുകാരനും പതിനഞ്ചുകാരനുമാണ് നിലമ്പൂരിനടുത്ത് കൽക്കുളം തീക്കടി നഗറിലെ വീട്ടിനകത്ത് മരണപ്പെട്ടത്.

ഇരുവരും ഒരു കയർ കൂട്ടിക്കെട്ടി തൂങ്ങിയ നിലയിലാണെന്ന് പൊലീസ് അറിയിച്ചു. കഴിഞ്ഞ മാസം ഇരുവരും വിഷം കഴിച്ച് മരിക്കാൻ ശ്രമിച്ചിരുന്നു.

✪✪✪

കൊച്ചി കടവന്ത്ര സ്വദേശിയായ വയോധികയെ ആലപ്പുഴിയിലെ കലവൂരിൽ കൊന്ന് കുഴിച്ച് മൂടിയ കേസിൽ പ്രതികളായ കലവൂർ സ്വദേശി മാത്യൂസിനെയും ഭാര്യ കർണാടക ഉഡുപ്പി സ്വദേശി ശർമിളയേയും മണിപ്പാലിൽ നിന്ന് പോലീസ് പിടികൂടി. ഇവരെ ആലപ്പുഴയിലെത്തിച്ചു. സ്വർണ്ണാഭരണങ്ങൾ കവരാൻ വേണ്ടി 73 കാരിയായ സുഭദ്രയെ കൊലപ്പെടുത്തിയെന്നാണ് പൊലീസ് കണ്ടെത്തൽ.

✪✪✪

സംസ്ഥാനത്ത് സ്വർണവിലയിൽ വൻ കുതിപ്പ്. പവന് ഇന്ന് 960 രൂപ വർദ്ധിച്ച് 54,600 രൂപയായി- ഗ്രാമിന് 120 രൂപ കൂടി 6,825 രൂപയും.

✪✪✪

ഓണ- കന്നിമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. ഒൻപതു ദിവസത്തെ പൂജാകർമ്മങ്ങൾക്കു ശേഷം ഈ മാസം 21 ന് നടയടയ്ക്കും.

✪✪✪

നെടുമ്പാശേരി വിമാനത്താവളത്തിൽ ചെരിപ്പിനുള്ളിൽ ഒളിപ്പിച്ച പതിമൂന്ന് ലക്ഷം രൂപയുടെ സ്വർണ്ണം പിടികൂടി. ക്വാലാലംപൂരിൽ നിന്നെത്തിയ യാത്രക്കാരിയിൽ നിന്നാണ് കസ്റ്റംസ് സ്വർണ്ണം പിടിച്ചെടുത്തത് .

✪✪✪

ഓണ സീസണിലെ തിരക്ക് കുറയ്ക്കാൻ ചെന്നൈ സെൻട്രലിനും കണ്ണൂരിനുമിടയിൽ സ്പെഷ്യൽ ട്രെയിൻ സർവീസ് നടത്തും. നാളെ രാത്രി 11-50 ന് ചെന്നൈയിൽ നിന്ന് പുറപ്പെടുന്ന പ്രത്യേക ട്രെയിൻ മറ്റന്നാൾ ഉച്ചയ്ക്ക് ഒന്നരയ്ക്ക് കണ്ണൂരിലെത്തും. തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 3-45 ന് കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന പ്രത്യേക ട്രെയിൻ ചൊവ്വാഴ്ച രാവിലെ 7-55 ന് ചെന്നൈ സെൻട്രലിൽ എത്തിച്ചേരും.

ചില ട്രെയിനുകളിൽ ഓരോ അധിക കോച്ചും അനുവദിച്ചിട്ടുണ്ട്.

✪✪✪

നബിദിനാഘോഷ പരിപാടികളിൽ ഹരിത പ്രോട്ടോ കോൾ പാലിക്കുന്നതിന് മഹല്ല് ഭാരവാഹികൾ ശ്രദ്ധിക്കണമെന്ന് കണ്ണൂർ കോർപ്പറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ ആവശ്യപ്പെട്ടു.

പ്രകൃതി സൗഹൃദമായ രീതിയിൽ തന്നെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയണമെന്ന് കോർപ്പറേഷൻ പരിധിയിലെ മഹല്ല് ഭാരവാഹികളുടെ യോഗത്തിൽ മേയർ പറഞ്ഞു.

✪✪✪